# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3346**.

**08-11-2019 ൽ മറുപടിയ്ക്ക്**

## പ്രധാനമന്ത്രി കിസാൻ സമ്മാൻ പദ്ധതി

**ചോദ്യം**

ശ്രീ.എ.പി. അനിൽ കുമാർ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

(എ) പ്രധാനമന്ത്രി കിസാൻ സമ്മാൻ പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(എ) ചെറുകിട നാമമാത്ര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി (പി.എം.കിസാൻ) എന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നു. സംസ്ഥാന സർക്കാരിന്റെ ലാൻഡ് റിക്കാർഡിൽ 01-02-2019 തീയതിയിൽ കൃഷിഭൂമി കൈവശമുള്ള കർഷക കുടുംബങ്ങൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പ്രതിവർഷം 6,000/- രൂപ നാലു മാസത്തിലൊരിക്കൽ മൂന്നു തുല്യ ഗഡുക്കളായി നൽകുന്നു. വനാവകാശ നിയമ പ്രകാരം കൈവശാവകാശ രേഖയുള്ള പട്ടിക വർഗ്ഗ കുടുംബത്തിനും പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്.

കർഷകൻ, അദ്ദേഹത്തിന്റെ ഭാര്യ അവരുടെ പ്രായപൂർത്തിയാവാത്ത കുട്ടികൾ എന്നിവർ ഉൾപ്പെടുന്നതാണ് കുടുംബം.

ഇപ്രകാരം ആനുകൂല്യത്തിന് അർഹതയുള്ള കർഷക കുടുംബത്തിന്, നിശ്ചിത അപേക്ഷാ ഫോമിന്റെ കൂടെ ആധാർ കാർഡിന്റെയും, കൃഷി ഭൂമിയുടെ കരമടച്ച രസീതിന്റെയും, ബാങ്ക് പാസ് ബുക്കിന്റെയും പകർപ്പ് സഹിതം ബന്ധപ്പെട്ട കൃഷി ഭവനിൽ അപേക്ഷ നൽകാവുന്നതാണ്. ഇപ്പോൾ pmkisan.gov.in വെബ്സൈറ്റ് വഴി നേരിട്ടും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**ആനുകൂല്യത്തിൽ നിന്നും ഒഴിവാക്കപ്പെടുന്ന കുടുംബങ്ങൾ**

താഴെപ്പറയുന്ന ഉയർന്ന സാമ്പത്തിക നിലവാരമുള്ളവ്യക്തികൾ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരല്ല.

a) സ്ഥാപങ്ങളോടനുബന്ധിച്ച വസ്തു ഉടമകൾ (All institutional Land Holders)

b) കർഷക കുടുംബത്തിൽ ഒന്നോ അതിലധികമോ അംഗങ്ങൾ താഴെ പറയുന്ന വിഭാഗത്തിൽ ഉൾപെട്ടാൽ ആനുകൂല്യത്തിന് അർഹരല്ല.

| | | | |
|---|---|---|---|
| | | | (i) ഭരണഘടന സ്ഥാപനങ്ങളിലെ നിലവിലുള്ളതും മുൻപുള്ളതുമായിട്ടുള്ള ഉദ്യോഗസ്ഥർ<br>(ii) നിലവിലുള്ളതും മുൻപുള്ളതുമായിട്ടുള്ള മന്ത്രിമാർ, ലോക സഭാംഗങ്ങൾ, രാജ്യസഭാംഗങ്ങൾ, നിയമസഭാംഗങ്ങൾ, സ്റ്റേറ്റ് ലജിസ്ലേറ്റീവ് കൗൺസിൽ അംഗങ്ങൾ, മേയർമാർ, ജില്ലാപഞ്ചായത്ത് അദ്ധ്യക്ഷൻമാർ.<br>(iii) കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിലും, പൊതുമേഖലാ സ്ഥാപനങ്ങൾ, ഇവയുടെ ഫീൽഡ് യൂണിറ്റുകൾ, മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവയിലെ നിലവിൽ സർവ്വീസിലുള്ളവരും വിരമിച്ചവരുമായ ഉദ്യോഗസ്ഥരും, തദ്ദേശ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരും. (ക്ലാസ് 4/ ഗ്രൂപ്പ് D ഒഴികെയുള്ള )<br>(iv) കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച്, പ്രതിമാസം 10000/- രൂപയോ അതിൽ കൂടുതലോ പെൻഷൻ ആനുകൂല്യം ലഭിക്കുന്നവർ (ക്ലാസ് 4/ ഗ്രൂപ്പ് D ഒഴികെയുള്ള )<br>(v) അവസാന അസ്സെസ്സ്മെന്റ് വർഷം ഇൻകം ടാക്സ് അടച്ചവർ<br>(vi) പ്രൊഫഷണൽ ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർ (ഡോക്ടർ, എഞ്ചിനീയർ, വക്കീൽ, ആർക്കിടെക്ട്, ചാർട്ടേർഡ് അക്കൗണ്ടന്റ് തുടങ്ങി നിയമാനുസൃതമായി പ്രൊഫഷനൽ ബോഡികളിൽ രജിസ്റ്റർ ചെയ്ത് പ്രാക്ടീസ് ചെയ്യുന്ന പ്രൊഫഷണൽസ്) |
| (ബി) | എത്ര കർഷകർക്കാണ് ഇതുവരെ ഈ പദ്ധതി വഴി സഹായം നൽകിയിരിക്കുന്നത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | pmkisan.gov.in വെബ്സൈറ്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2135274 പേർക്ക് ഒന്നാം ഗഡു ആനുകൂല്യവും, 2092373 പേർക്ക് രണ്ടാം ഗഡു ആനുകൂല്യവും, 1675811 പേർക്ക് മൂന്നാം ഗഡു ആനുകൂല്യവും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | എത്ര തുകയാണ് ഓരോ കർഷകർക്കും നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ? | (സി) | ഒന്നാം ഗഡു മാത്രം ലഭിച്ചവർക്ക് 2000 രൂപയും, രണ്ട് ഗഡുക്കളും ലഭിച്ചവർക്ക് 4000 രൂപയും മൂന്ന് ഗഡുക്കളും ലഭിച്ചവർക്ക് 6000 രൂപയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## പ്രധാനമന്ത്രി കിസാൻ സമ്മാൻ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവരുടെ എണ്ണം

| ക്രമ നം. | ജില്ല | ആനുകൂല്യങ്ങൾ ലഭിച്ചവരുടെ എണ്ണം | | |
|---|---|---|---|---|
| | | ഒന്നാം ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു |
| 1 | തിരുവനന്തപുരം | 180403 | 176460 | 132794 |
| 2 | കൊല്ലം | 179068 | 175552 | 147041 |
| 3 | പത്തനംതിട്ട | 96196 | 93657 | 63621 |
| 4 | ആലപ്പുഴ | 186373 | 181268 | 144086 |
| 5 | കോട്ടയം | 127689 | 125455 | 97499 |
| 6 | എറണാകുളം | 145764 | 142299 | 108638 |
| 7 | ഇടുക്കി | 108348 | 106874 | 92639 |
| 8 | തൃശ്ശൂർ | 243105 | 237599 | 167234 |
| 9 | പാലക്കാട് | 129696 | 127301 | 107332 |
| 10 | മലപ്പുറം | 130383 | 127702 | 102543 |
| 11 | കോഴിക്കോട് | 202553 | 199552 | 165271 |
| 12 | വയനാട് | 99171 | 97324 | 85501 |
| 13 | കണ്ണൂർ | 208383 | 204480 | 171746 |
| 14 | കാസർഗോഡ് | 98142 | 96850 | 89866 |
| | **ആകെ എണ്ണം** | **2135274** | **2092373** | **1675811** |

സെക്ഷൻ ഓഫീസർ